**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഉമ്പോട്ടുകോണം പാലം നിർമ്മാണത്തിന് എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ 2024-25 ബജറ്റിൽ അനുബന്ധം II വാല്യം II-ൽ ക്രമ നമ്പർ 2745 ആയി ഉമ്പോട്ടുകോണം പാലം നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 20 ശതമാനം തുക വകയിരുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യ പത്രത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നറിയിക്കാമോ; പ്രസ്തുത നടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 23.05.2024-ൽ സമർപ്പിച്ചെങ്കിലും ഇതുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത പ്രവൃത്തിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പുകൾ സമർപ്പിക്കുവാൻ 01.06.2024-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചാനൽ സബ് ഡിവിഷൻ നെയ്യാറ്റിൻകര ആവശ്യപ്പെടുകയുണ്ടായി. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ 01.06.2024-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നം. എ.ഇ/പി.എൽ.എസ്/10 /2024 (NOC)

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
എൻ.ഐ.പി ചാനൽ സെക്ഷൻ പള്ളിച്ചൽ
തിരുവനന്തപുരം-695020
E-mail: aepallichalsection@gmail.com
തീയതി: 01/06/2024

പ്രേഷിത

അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
തദ്ദേശസ്വയഭരണവകുപ്പ് സബ് ഡിവിഷൻ
നേമം ബ്ലോക്ക് പഞ്ചായത്ത് ,മലയിൻകീഴ്

സർ,

വിഷയം :- NOC ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന :- 23.05.2024 തീയതിയിലെ DB/B6/AEE/LSGD/NBP/2024-25 നമ്പർ കത്ത്

പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിൽ 9-ാം വാർഡിൽ തുമ്പോട്ടുകോണം എന്ന സ്ഥലത്ത് ആർ .ബി .മെയിൻ കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിലേക്കായി സൂചന പ്രകാരം കത്ത് ലഭിച്ചിരുന്നു. എന്നാൽ താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് പ്രകാരമുള്ള രേഖകൾ (tick ചെയ്തവ, 4 സെറ്റ്) ഈ കാര്യാലയത്തിൽ ലഭിച്ചാൽ മാത്രമേ NOC ക്കായി മേൽ ഓഫീസിൽ അയക്കുവാൻ സാധിക്കുകയുള്ളു എന്ന വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം :- ലിസ്റ്റ്

അസിസ്റ്റന്റ് എഞ്ചിനീയർ

സെക്ഷൻ ഓഫീസർ